നം. 2745/എസ്റ്റാ.ബി3/2021/സി.ആർ.ഡി

ഗ്രാമവികസന കമ്മീഷണറേറ്റ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ-പി.ഒ,തിരുവനന്തപുരം
തീയതി: 02.03.2021

# സർക്കുലർ

വിഷയം;- ഗ്രാമവികസന വകുപ്പ്-ജീവനക്കാര്യം -ജീവനക്കാരുടെ പൊതു സ്ഥലം മാറ്റം 2021- മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന;- 1) ജി.ഒ (പി) നം.36/2014/ഉ.ഭ.പ.വ തീയതി 30.10.2014.
2) ജി.ഒ (പി) നം.3/2017/ഉ.ഭ.പ.വ തീയതി 25.02.2017
3) സ.ഉ.(കൈ)നം.10/2018/ഉ.ഭ.പ.വ തീയതി 05.04.2018
4) സ.ഉ.(കൈ)നം.2/2021/ഉ.ഭ.പ.വ തീയതി 03.02.2021

***********

ഗ്രാമവികസന വകുപ്പിലെ 2021 വർഷത്തെ പൊതുസ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിയ്ക്കുന്നതിലേയ്ക്കായി വിവിധ വിഭാഗം ജീവനക്കാരുടെ സ്ഥലംമാറ്റ അപേക്ഷ കൾ സമർപ്പിക്കുന്നതിന് താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു. മേൽ സൂചന കളിൽ പറഞ്ഞിട്ടുളള സർക്കാർ ഉത്തരവുകൾക്ക് വിധേയമായിട്ടായിരിക്കും പൊതുസ്ഥലം മാറ്റം നടപ്പിലാക്കുന്നത്.

1. സ്ഥലംമാറ്റ അപേക്ഷ നൽകാൻ ആഗ്രഹിക്കുന്ന ജീവനക്കാർ ഇതോടൊപ്പം ഉൾക്കൊളളിച്ചിട്ടുളള മാതൃകയിൽ അപേക്ഷ ആഫീസ് മേലധികാരികൾ മുഖേന അതാത് പ്രോജക്ട് ഡയറക്ടർ/ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർക്ക് സമർപ്പിക്കേണ്ടതാണ്.

2. പ്രോജക്ട് ഡയറക്ടർ/ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)മാർ സ്ഥലംമാറ്റ അപേക്ഷ നൽകുന്നതിനുളള പ്രൊഫോർമ ജില്ലയിൽ ജോലി നോക്കുന്ന എല്ലാ ജീവനക്കാരുടേയും ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

3. അപേക്ഷകർ സ്ഥലംമാറ്റ അപേക്ഷ പ്രോജക്ട് ഡയറക്ടർ/ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർ മുഖേന മാത്രം സമർപ്പിക്കേണ്ടതാണ്. അപേക്ഷയുടെ മുൻകൂർ പകർപ്പ് ഒരു കാരണവശാലും ഗ്രാമവികസന കമ്മീഷണർക്ക് നേരിട്ട് സമർപ്പിക്കുവാൻ പാടുളളതല്ല. ഇതിന് വിരുദ്ധമായി ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

4. പ്രോജക്ട് ഡയറക്ടർ/ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)മാർ തങ്ങളുടെ ആഫീസിൽ ലഭിക്കുന്ന അപേക്ഷകൾ തസ്തിക തിരിച്ച് സൂക്ഷ്മ പരിശോധന നടത്തി സൂചന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ അർഹരായ അപേക്ഷകൾ മാത്രം ആവശ്യമായ ശുപാർശകളോടെ സമാഹൃതപട്ടിക സഹിതം ഗ്രാമവികസന കമ്മീഷണർക്ക് നൽകേണ്ടതാണ് അല്ലാത്ത അപേക്ഷകൾ പ്രസ്തുത ഓഫീസിൽ തന്നെ രേഖാമൂലം നിരസിച്ച് അപേക്ഷകനെ അറിയിക്കേണ്ടതാണ്. നിശ്ചിതമാതൃകയിൽ അല്ലാത്ത അപേക്ഷകളും നിരസിക്കേണ്ടതാണ്.

5. അപേക്ഷകർ തങ്ങൾക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് മാനദണ്ഡങ്ങളിൽ നിശ്ചയിച്ചിട്ടുള്ള പ്രത്യേക പരിഗണന അവകാശപ്പെടുകയാണെങ്കിൽ ആയത് സാധൂകരിക്കുന്നതിനുള്ള ആവശ്യമായ രേഖകളുടെ, ആഫീസ് മേലധികാരി സാക്ഷ്യപ്പെടുത്തിയിട്ടുള്ള പകർപ്പുകൾ അപേക്ഷയോടൊപ്പം വയ്ക്കേണ്ടതാണ്.

6. സ്ഥലംമാറ്റ അപേക്ഷകൾ പ്രോജക്ട് ഡയറക്ടർ/അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർക്ക് നൽകേണ്ട അവസാന തീയതി **10.03.2021** ആണ്. പ്രോജക്ട് ഡയറക്ടർ/ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജ)മാർ അപേക്ഷകൾ ക്രോഡീകരിച്ച് ആവശ്യമായ ശുപാർശ സഹിതം ഗ്രാമവികസന കമ്മീഷണറേറ്റിൽ **20.03.2021**- ന് 5 മണിക്കകം ലഭ്യമാക്കേണ്ടതാണ്.

7. സ്ഥലംമാറ്റത്തിന് നൽകുന്ന അപേക്ഷകൾ നിശ്ചിത പ്രൊഫോർമയിൽതന്നെ നൽകേണ്ടതാണ്. മുമ്പ് സ്ഥലംമാറ്റത്തിന് അപേക്ഷ നൽകി സ്ഥലം മാറ്റം ലഭിക്കാത്തവർ വീണ്ടും പൊതുസ്ഥലം മാറ്റത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

8. ജില്ലയ്ക്കകത്തുള്ള സ്ഥലംമാറ്റ അപേക്ഷകൾ പരിശോധിക്കുന്നതും സ്ഥലംമാറ്റം നടപ്പിലാക്കുന്നതും സൂചനകളിലെ മാനദണ്ഡങ്ങൾക്ക് അനുസൃതമായിരിക്കണ മെന്നും അറിയിക്കുന്നു. ഗ്രാമവികസന കമ്മീഷണറേറ്റിൽ നിന്നുള്ള അന്തിമ സ്ഥലംമാറ്റ പട്ടിക പ്രസിദ്ധീകരിച്ചതിനു ശേഷം മാത്രം ജില്ലയ്ക്കകത്തുള്ള സ്ഥലം മാറ്റം നടത്തേണ്ടതാണ്.

9. നിലവിൽ ജോലിചെയ്യുന്ന സ്റ്റേഷന്റെ 15 കീമി ചുറ്റളവിലുള്ള സ്റ്റേഷനുകളിലേ ക്കുള്ള സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

10. പൊതുസ്ഥലം മാറ്റത്തിന് ആഗ്രഹിക്കുന്ന സ്റ്റേഷനുകളുടെ പേര് വ്യക്തമായി സൂചിപ്പിച്ചിരിക്കണം. ഓരോ വ്യക്തിക്കും പരിധിയില്ലാതെ ഓപ്ഷൻ നൽകാവുന്ന താണ്. ജില്ലയുടെ പേര് മാത്രം സൂചിപ്പിക്കുന്ന അപേക്ഷകൾ നിരസിക്കു ന്നതാണ്.

11. തുടർച്ചയായ 5 വർഷക്കാലമായി ഒരേ സ്റ്റേഷനിൽ ജോലിചെയ്യുന്ന ആളു കൾക്കും, പ്രൊമോഷൻ ലഭിച്ചപ്പോൾ സീനിയറായ ആളുകൾ പുറത്തു നില്ക്കെ സ്വന്തം ജില്ലയിൽ സൗകര്യപ്രദമായ നിയമനം ലഭിച്ചവർക്കും നിർബന്ധിത സ്ഥലം മാറ്റം നൽകുന്നതാണ്. മേൽസൂചിപ്പിച്ച ജീവനക്കാർക്കും പൊതുസ്ഥലംമാറ്റത്തിൽ അപേക്ഷ നൽകി സൗകര്യപ്രദമായ സ്റ്റേഷനുകൾ ചൂണ്ടിക്കാണിയ്ക്കാവുന്നതാണ്.

12. ഒരു സ്റ്റേഷനിൽ 2021 ഫെബ്രുവരി 28 ന് മൂന്ന് വർഷം പൂർത്തിയായവരുടെ ലിസ്റ്റ് പ്രസ്തുത തസ്തികയിലേയ്ക്ക് സ്ഥലംമാറ്റ അപേക്ഷ സമർപ്പിക്കുന്നവരുടെ അറിവിലേയ്ക്കായി ഗ്രാമവികസന വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. പതിനഞ്ച് കിലോമീറ്റർ ചുറ്റളവിലുള്ള ഓഫീസുകൾ സ്റ്റേഷൻ എന്ന നിർവ്വചനത്തിൽ വരും.

13. പ്രോജക്ട്ഡയറക്ടർ/ അസിസ്റ്റന്റ് ഡെവലപ്മെന്റ്കമ്മീഷണർ (ജനറൽ) മാർ ഓരോ തസ്തികയിലേയും സ്ഥലംമാറ്റ അപേക്ഷകൾ തരംതിരിച്ച് ലിസ്റ്റ് തയ്യാറാക്കി പ്രത്യേകം കവറുകളിൽ നൽകേണ്ടതാണ്. കവറിനു മുകളിൽ "പൊതുസ്ഥലംമാറ്റ അപേക്ഷ-2021/............................ തസ്തിക" എന്നു രേഖപ്പെടുത്തിയിരിക്കണം. <u>തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തി അപേക്ഷകൾ സമർപ്പിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.</u>

14. ഗ്രാമവികസനവകുപ്പ് ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷാ ഫോറവും സർക്കുലറും www rdd.lsgkerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്.

15. മേൽപ്പറഞ്ഞ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ ഗ്രാമവികസന വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരോടും അഭ്യർത്ഥിക്കുന്നു.

സമയക്രമം:

| | | |
|---|---|---|
| 1. പ്രോജക്ട്ഡയറക്ടർ/അസിസ്റ്റന്റ്ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ) മാർക്ക് അപേക്ഷ നൽകേണ്ട അവസാന തീയതി | : | 10/03/2021 |
| 2. പ്രോജക്ട്ഡയറക്ടർ/ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)മാരിൽ നിന്നും ശുപാർശ സഹിതം അപേക്ഷ സി.ആർ.ഡിയിൽ ലഭിക്കേണ്ട അവസാന തീയതി | : | 20/03/2021 |
| 3. അർഹതയുള്ളവരുടെ കരട്ലിസ്റ്റ് പ്രസിദ്ധീകരിയ്ക്കൽ | : | 09/04/2021 |
| 4. കരട് ലിസ്റ്റിന്മേലുള്ള ആക്ഷേപം സി.ആർ.ഡിയിൽ ലഭിക്കേണ്ട അവസാന തീയതി | : | 17/04/2021 |
| 5. അന്തിമലിസ്റ്റ് പ്രസിദ്ധീകരിയ്ക്കുന്ന തീയതി | : | 05/05/2021 |

നജീബ്.എച്ച്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ഗ്രാമവികസന കമ്മീഷണർക്കുവേണ്ടി

പകർപ്പ്;- 1) എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് (ജനറൽ)മാർക്കും)/ പ്രോജക്ട് ഡയറക്ടർമാർക്കും
(ജില്ലയിലെ ഗ്രാമവികസന വകുപ്പിന് കീഴിലുള്ളഎല്ലാഓഫീസ് മേധാവികളെയും സർക്കുലർ സംബന്ധിച്ച വിവരം ധരിപ്പിയ്ക്കേണ്ടതാണ്)

2) ചീഫ്ഓഫീസർ, റൂറൽഇൻഫർമേഷൻ ബ്യൂറോ (വ്യാപകമായ പബ്ലിസിറ്റി നൽകുന്നതിലേയ്ക്ക്.)

<u>ഗ്രാമവികസന വകുപ്പ്</u>

# പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷ

(ജി.ഒ (പി) നം.36/2014/ഉ.ഭ.പ.വ തീയതി 30.10.2014)

(ജി.ഒ (പി) നം.3/2017/ഉ.ഭ.പ.വ തീയതി 25.02.2017)

| | | |
|---|---|---|
| 1 | അപേക്ഷകന്റെ പേര് (പെൻ) | |
| 2 | ഉദ്യോഗ പേര്<br>(സീനിയോറിറ്റി നം) | |
| 3 | ഓഫീസ് മേൽവിലാസം | |
| 4 | ജനനതീയതി | |
| 5 | (എ) ഇപ്പോഴത്തെ ഓഫീസിൽ ജോലിയിൽ പ്രവേശിച്ച ഉത്തരവ് നമ്പരും തീയതിയും | |
| | (ബി) ഇപ്പോഴത്തെ ജില്ലയിൽ ജോലിയിൽ പ്രവേശിച്ച ഉത്തരവ് നമ്പരും തീയതിയും | |
| 6 | ഇപ്പോഴത്തെ ഓഫീസിൽ ജോലിയിൽ പ്രവേശിയ്ക്കുന്നതിന് മുൻപ് സ്വന്തം ജില്ലയ്ക്ക് പുറത്ത് ജോലി ചെയ്ത കാലയളവും തസ്തികയും സ്റ്റേഷനും | |
| 7 | സ്ഥലംമാറ്റം - പ്രത്യേക പരിഗണനയുണ്ടെങ്കിൽ രേഖ ഹാജരാക്കണം അല്ലാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല) | 1) പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ജീവനക്കാർ<br>2) അന്ധരായ ഉദ്യോഗസ്ഥർ<br>3) വികലാംഗരായ ജീവനക്കാർ<br>4) മൂകരും ബധിരരുമായ ജീവനക്കാർ<br>5) സെറിബ്രൽ പാൾസി ഉൾപ്പെടെയുള്ള ചലന വൈകല്യം, ഭേദപ്പെട്ട കുഷ്ഠം, അസാധാരണ മായ പൊക്കക്കുറവ്, ആസിഡ് ആക്രമണ ത്തിന് വിധേയരായവർ, പേശീ സംബന്ധമായ അസുഖമുള്ളവർ<br>6) മാനസിക പ്രശ്നമുള്ളവർ<br>7) ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ മാതാപിതാക്കൾ, ബുദ്ധിമാന്ദ്യമുള്ള സഹോദ രങ്ങളെ പൂർണ്ണമായും സംരക്ഷിക്കുന്ന ജീവന ക്കാർ<br>8) ഓട്ടിസം / സെറിബ്രൽ പാൾസി ബാധിച്ച കുട്ടി കളുടെ മാതാപിതാക്കൾ<br>9) 50%ന് മുകളിൽ വികലാംഗത്വമുള്ള കുട്ടിക ളുടെ മാതാപിതാക്കൾ.<br>10) ബധിരരും മൂകരുമായ കുട്ടികളുടെ മാതാപി താക്കൾ<br>11) യുദ്ധത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർ /സൈനിക സേവനത്തിനിടെ 40% ന് മുകളിൽ അംഗവൈകല്യം സംഭവിച്ച് ഡിസെബിലിറ്റി പെൻഷനോടെ വിരമിച്ച ജവാന്റെ ഭാര്യ/ ഭർത്താവ്.<br>12) സ്വാതന്ത്ര്യ സമര സേനാനിയെ സംരക്ഷി ക്കുന്ന മകൻ/മകൾ<br>13) വിധവകൾ/വിഭാര്യർ/പുനർവിവാഹം ചെയ്യാത്ത വിവാഹമോചിതർ<br>14) മിശ്രവിവാഹിതർ<br>15) നിയമപരമായി കുട്ടികളെ ദത്തെടുത്തിട്ടുള്ള ജീവനക്കാർ<br>16) അംഗീകൃത സർവ്വീസ് സംഘടനകളുടെ സംസ്ഥാന പ്രസിഡന്റ്/ജനറൽ സെക്രട്ടറി/ ജില്ലാ പ്രസിഡന്റ്/ജില്ലാ സെക്രട്ടറി |

| | | |
|---|---|---|
| | | 17) സൈനിക സേവനം പൂർത്തിയാക്കിയ ജീവനക്കാർ<br>18) ജവാന്റെ ബന്ധു. (ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/മകൻ/മകൾ)<br>19) അർദ്ധ സൈനിക വിഭാഗം, ദേശീയ അന്വേഷണ ഏജൻസി എന്നിവയിൽ ജോലി നോക്കുന്ന ഉദ്യോഗസ്ഥരുടെ ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/മകൻ/മകൾ<br>20) പ്രവാസി കേരളീയരുടെ ഭർത്താവ്/ഭാര്യ |
| 8 | സ്ഥിരതാമസ വിലാസം | |
| 9 | സ്ഥലംമാറ്റംലഭിക്കുവാൻ ആഗ്രഹിക്കുന്ന സ്റ്റേഷനുകൾ (ജില്ലയുടെ പേര് ഉൾപ്പെടെ) | |

മുകളിൽ പ്രസ്താവിച്ചിരിക്കുന്ന കാര്യങ്ങൾ സത്യമാണെന്ന് ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു.

സ്ഥലം :
തീയതി :

ഒപ്പ്
അപേക്ഷകന്റെ പേര്

അപേക്ഷകന്റെ സേവന പുസ്തകം/ബന്ധപ്പെട്ട സർവ്വീസ് രേഖകൾ പരിശോധിച്ച് മേൽ പ്രസ്താവിച്ച വിവരം ശരിയാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :
തീയതി :

ഓഫീസ് മേലധികാരിയുടെഒപ്പ്,
ഉദ്യോഗപ്പേര് :

★ അപേക്ഷ,30.10.2014, 25.02.2017, 05.04.2018, 03.01.2021 തീയതികളിലെ, ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പരിഗണിയ്ക്കുവാൻ ശിപാർശ ചെയ്യുന്നു.

★ താഴെപ്പറയുന്ന കാരണത്താൽ അപേക്ഷ നിരസിക്കാവുന്നതാണ്.

(★ബാധകമായത് ✓ ചെയ്യുക)

1.
2.
3.

സ്ഥലം :
തീയതി :

ജില്ലാ കളക്ടർ/പ്രോജക്ട്ഡയറക്ടർ/
അസിസ്റ്റന്റ്ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ)

ഓഫീസ് ഉപയോഗത്തിന് മാത്രം

| | | |
|---|---|---|
| 1 | അപേക്ഷകന്റെ പേര് | |
| 2 | ഉദ്യോഗപേര് | |
| 3 | സ്വന്തം ജില്ലയ്ക്ക് പുറത്ത് എത്ര കാലമായി ജോലി ചെയ്യുന്നു. | |
| 4 | സ്ഥലംമാറ്റത്തിന്റെ മുൻഗണന നിശ്ചയിച്ച സീനിയോറിറ്റി നമ്പർ | |

സെക്ഷൻ ക്ലാർക്ക്:

സെക്ഷൻ സൂപ്രണ്ട്:

അപേക്ഷ അംഗീകരിച്ചു/നിരസിച്ചു.

ഗ്രാമവികസന കമ്മീഷണർക്കുവേണ്ടി

പകർപ്പ്; എല്ലാ പ്രോജക്ട് ഡയറക്ടർമാർക്കും
എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർക്കും